തയ്യാറാക്കി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിരിക്കുകയാണ്. ഫണ്ടിന്റെ പരിമിതി കാരണം പ്ലാനിംഗ് ബോർഡിൽനിന്ന് അനുമതി ലഭിച്ചിട്ടില്ല. ഫണ്ടും ഭരണാനുമതിയും ലഭിക്കുന്ന മുറയ്ക്ക് വ്യവസായ വകുപ്പിൽ നിന്നും മുനിസിപ്പാലിറ്റിക്ക് ലഭിച്ച സ്ഥലത്ത് കെട്ടിടനിർമ്മാണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഫണ്ടും ഭരണാനുമതിയും ലഭിക്കേണ്ടതായ പ്രശ്നമുണ്ട്. ഇക്കാര്യം പ്രത്യേകം പരിശോധിക്കാം.

## 5. ടോൾ നൽകുന്നതിൽനിന്നും പഞ്ചായത്തുകളെ ഒഴിവാക്കൽ

ശ്രീ. എ. എം. ആരിഫ്: സർ, അരൂർ, അരൂക്കുറ്റി പഞ്ചായത്തുകളിലെ ജനങ്ങൾ നിത്യേന എറണാകുളത്ത് പോകാൻ ആശ്രയിക്കുന്നത് കുമ്പളം ടോൾ പ്ലാസയിലൂടെയാണ്. 3 കിലോമീറ്റർ ചുറ്റളവിലാണ് ഇപ്പോൾ ടോൾ പ്ലാസയുള്ളത്. അവിടെ സാധാരണ ജനങ്ങൾ ആശ്രയിക്കുന്ന ആട്ടോറിക്ഷ ഉൾപ്പെടെയുള്ള വാഹനങ്ങളെല്ലാം ഈ ടോൾ പ്ലാസയിലൂടെ കടന്ന് പോകേണ്ടതാണ്. മരട് പഞ്ചായത്തിലെ ജനങ്ങൾക്ക് ചില എക്സംപ്ഷൻസ് കൊടുത്തിട്ടുണ്ട്. ടോൾ റൂൾ പ്രകാരം 20 കിലോമീറ്റർ ചുറ്റളവിലുള്ളവർക്ക് ഇളവുകൾ കിട്ടേണ്ടതുണ്ട്. എന്നാൽ ഈ ആനുകൂല്യങ്ങളൊന്നും അരൂർ, അരൂക്കുറ്റി പഞ്ചായത്തുകളിലെ ജനങ്ങൾക്ക് കിട്ടിയിട്ടില്ല. അവിടത്തെ ജനങ്ങളുടെ യാത്രാ വാഹനങ്ങൾക്ക് എക്സംപ്ഷൻ നൽകി സഹായിക്കണമെന്നാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കുമ്പളം പാലത്തിൽ ടോൾ പിരിക്കുന്നത് 1956-ലെ National Highways Act Section 8(A), 2008-ലെ National Highways Fee (Determination and Collection) Rules പ്രകാരമാണ്. ഇക്കാര്യത്തിൽ നേരിട്ട് ഇടപെടാൻ കേരള ഗവൺമെന്റിന് ബുദ്ധിമുട്ടാണെങ്കിലും ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകൾക്കും സമീപവാസികൾക്കും കൺസഷൻ നൽകാൻ ഗവൺമെന്റ് ആവശ്യപ്പെടാറുണ്ട്. അതനുസരിച്ച് 20 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന, വാണിജ്യ ആവശ്യത്തിനല്ലാത്ത വാഹനങ്ങൾക്ക് പ്രതിമാസം 230 രൂപ ടോൾ ഇളവ് നൽകുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് ഇളവ് കിട്ടുന്നില്ലെങ്കിൽ തീർച്ചയായും അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാം. അരൂർ, അരൂക്കുറ്റി പഞ്ചായത്തുകളിലെ നിവാസികളെ മുഴുവനായി ടോൾ പിരിവിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ല. 20 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന ആളുകൾക്ക് ഇളവ് ലഭിക്കുന്നില്ലെങ്കിൽ അത് പരിശോധിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly